(സി) റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ മരുതോങ്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടനിർമ്മാണത്തിനായി 4,425 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ കൺസൂക്ഷൻ വർക്കിന് മണ്ണ് പരിശോധനക്കായി 3 ലക്ഷം രൂപയും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സോയിൽ ടെസ്റ്റിംഗിനും ഡിസൈനിംഗിനുമുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പട്ടികജാതി വികസന ഡയറക്ടറിൽ എഡ്യൂസി1-27497/08 എന്ന ഫയലിലാണ് മരുതോങ്കര എം.ആർ.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) മരുതോങ്കരയിൽ എം.ആർ.എസ്. സ്ഥാപിക്കുന്നതിന് 20-1-2014-ലെ സ.ഉ. (സാധാ) നമ്പർ 98/2014/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മരുതോങ്കര എം.ആർ.എസ്. കെട്ടിട നിർമ്മാണത്തിനായി 8-9-2015- ലെ സ.ഉ. (സാധാ) നമ്പർ 1399/2015/പ.ജ.പ.വ.വി.വ. പ്രകാരം 4425 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകുകയും 18-9-2015-ലെ എഡ്യൂ.സി1127497/08 പ്രകാരം പൊതുമരാമത്ത് വകുപ്പിന് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.)*

സ്വയം പര്യാപ്ത പട്ടികജാതി കോളനി

289(990) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിലുൾപ്പെടുത്തി താനൂർ മണ്ഡലത്തിൽ ഏതെല്ലാം കോളനികളിലാണ് പ്രവൃത്തി നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കോളനികളിൽ ഈ പദ്ധതിക്ക് കീഴിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വയംതൊഴിൽപദ്ധതി പട്ടികജാതി കോളനി പദ്ധതിയിലുൾപ്പെടുത്തി താനൂർ മണ്ഡലത്തിൽ ഒട്ടുപുറം കോളനി, നിറമരുതൂർ ഐ.എച്ച്.ഡി.പി. കോളനി, കൊന്നോട്ട് കോളനി എന്നീ കോളനികളിലാണ് പ്രവൃത്തികൾ നടക്കുന്നത്.

(ബി)

പൂർത്തീകരിച്ച പ്രവൃത്തികൾ	പൂർത്തീകരിക്കാത്ത പ്രവൃത്തികൾ
ഒട്ടുപുറം കോളനി :	1. കുടിവെള്ള പദ്ധതി
1. ഭവനപുനരുദ്ധാരണം 34 എണ്ണം	2. ബയോഗ്യാസ്
2. കോൺക്രീറ്റ് റോഡ് 320 മീറ്റർ	
3. സംരക്ഷണഭിത്തി 135 മീറ്റർ	
നിറമരുതൂർ ഐ.എച്ച്.ഡി.പി. കോളനി :	1. മണ്ണ് സംരക്ഷണം
പ്രവൃത്തി ആരംഭിച്ചിട്ടില്ല.	2. ഭവന പുനരുദ്ധാരണം
	3. സൈഡ് പ്രൊട്ടക്ഷൻ
	4. കുടിവെള്ള പദ്ധതി
കൊന്നോട്ട് കോളനി :	1. മണ്ണ് സംരക്ഷണം
പ്രവൃത്തി ആരംഭിച്ചിട്ടില്ല.	2. സൈഡ് പ്രൊട്ടക്ഷൻ
	3. കുടിവെള്ള പദ്ധതി
	4. ഭവന പുനരുദ്ധാരണം

(സി) 62% പ്രവൃത്തി ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർ

290(991) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും രജിസ്ട്രേഷൻ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ പട്ടികജാതിയിൽപ്പെട്ട എത്ര ഭവനരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇതുസംബന്ധിച്ച് അവസാനം വിവരശേഖരണം നടത്തിയത് എപ്പോഴാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;